## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2140** **11.06.2018-ൽ മറുപടിക്ക്**

## ക്യാൻസർ രോഗികളുടെ വർദ്ധനവ്

**ചോദ്യം**

**ശ്രീ.എ.എം.ആരിഫ്**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**
**ശ്രീ.കാരാട്ട് റസാഖ്**
**ശ്രീ.കെ.ജെ.മാക്സി**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ക്യാൻസർ സെന്ററുകളിലെ ചികിത്സ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ തന്നെ ഇതിനുള്ള സൗകര്യം വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | തിരുവനന്തപുരം ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ - തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ മാത്രമായിരുന്നു സർക്കാർ മേഖലയിൽ അർബുദ ചികിത്സ ലഭ്യമായിരുന്നത്. മറ്റ് ജില്ലകളിൽ വസിക്കുന്ന അർബുദ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ശാരീരികമായും മാനസികമായും സാമ്പത്തികവുമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിൽ അർബുദരോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിക്കുകയുണ്ടായി. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ ചികിത്സാ രീതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള **'അഭയം'** പദ്ധതിക്ക് തുടക്കം |

| | | | |
|---|---|---|---|
| | | | കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ ക്യാൻസർ സെന്ററിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോടു പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്. |
| (സി) | ആർ.സി.സി. മാതൃകയിലുള്ള ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുന്നതിനും അതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ക്യാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 5 മെഡിക്കൽ കോളേജുകളിൽ സമഗ്ര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ട മിനിമം തസ്തികകൾ ആദ്യപടിയായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററും വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ക്യാൻസർ ചികിത്സാരംഗത്ത് നൂതനമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുള്ളതെന്ന്അറിയിക്കാമോ? | (ഡി) | നിലവിൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**